**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ- സഹകരണബാങ്കുകളിൽ നിന്നും സർക്കാർ ഏറ്റെടുത്തിരുന്ന ഭവനശ്രീ വായ്പയുടെ മൂന്ന്, നാല്, അഞ്ച്, ആറ് ഗഡുക്കൾ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2450/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04/11/2019**

---

പരാമർശം:- 1. 31.05.2014 ലെ ജി.ഒ.(എം.എസ്)നം.96/2014/ത.സ്വ.ഭ.വ.
2. 12.12.2017 ലെ ജി.ഒ.(എം.എസ്) നം. 249/2017/ത.സ്വ.ഭ.വ.
3. 25.10.2017 ലെ ജി.ഒ.(ആർ.ടി) നം. 3392/2017/ത.സ്വ.ഭ.വ.
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.05.2019-ലെ 4468/സി/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

<u>ഉത്തരവ്</u>

സഹകരണ ബാങ്കുകളിൽ നിന്നും കുടുംബശ്രീ എടുത്തിട്ടുള്ള ഭവനശ്രീ വായ്പകൾ പരാമർശം (1) പ്രകാരം സർക്കാർ ഏറ്റെടുത്തിരുന്നു. തുടർന്ന് സഹകരണബാങ്കുകളുമായി ത്രികക്ഷി കരാറിൽ ഏർപ്പെടുകയും വായ്പയുടെ ഒന്നും രണ്ടും ഗഡുക്കൾ ബാങ്കുകൾക്ക് നൽകുന്നതിനായി കുടുംബശ്രീക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ ബാങ്കുകളുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം അവസാന ഗഡു (ആറാം ഗഡു) തുകയും നൽകി 2019-20 സാമ്പത്തിക വർഷം തന്നെ ഭവനശ്രീ വായ്പ തിരിച്ചടവ് പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനായി സർക്കാരിൽ നിന്നും അനുവദിച്ച നൽകേണ്ട ഫണ്ടിന്റെ ഗഡു തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കും പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

| ഗഡുക്കൾ | തുക രൂപയിൽ |
|---|---|
| മൂന്നാം ഗഡു | 1,32,98,000/- |
| നാലാം ഗഡുവായി അനുവദിക്കാൻ ബാക്കിയുള്ള തുക | 50,45,000/- (Rs. 1,32,98,000/- Rs. 82,53,000/-)<br><br>സൂചന (2) പ്രകാരം നാലാം ഗഡുവായി 1,32,98,000/-രൂപ അനുവദിച്ചിരുന്നുവെങ്കിലും ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ തുക ലഭ്യമല്ലാതിരുന്നതിനാൽ 82,53,000/- രൂപ മാത്രമേ പിൻവലിക്കാൻ കഴിഞ്ഞിരുന്നുള്ളൂ). |
| അഞ്ചാം ഗഡു | 1,32,98,000/ |
| ആറാം ഗഡു | 1,32,98,000/- |
| **ആകെ അനുവദിക്കേണ്ട തുക** | **4,49,39,000** |

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സഹകരണബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള ഭവനശ്രീ വായ്പയുടെ മേല്പറഞ്ഞ രീതിയിലുള്ള തിരിച്ചടവ് പൂർത്തിയാക്കുന്നതിനായി ഈ സാമ്പത്തികവർഷം കുടുംബശ്രീയ്ക്ക് അനുവദിക്കേണ്ട മൊത്തം തുകയായ 4,49,39,000/- രൂപയ്ക്ക് (നാല് കോടി നാല്പത്തി ഒൻപത് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരം രൂപ മാത്രം) ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) 2515-00-102-38(NP) എന്ന ശീർഷകത്തിൽ മതിയായ തുക ലഭ്യമല്ലാത്തതിനാൽ അധിക ധനാനുമതി/റീ-അപ്രോപ്രിയേഷൻ മുഖേന തുക ലഭ്യമാക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനിമോൾ ഡി.
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഡെവലപ്പ്മെന്റ്-2/86/2017/ഫിൻ തീയതി 08/08/2019)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ